No. CEE/4848/2013/KEAM-2014/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## <u>വിജ്ഞാപനം</u>

## 2014-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സ് പ്രവേശനം

### <u>പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജിലേയ്ക്കും, പുതുതായി ഉൾപ്പെടുത്താൻ സാധ്യതയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും ഓപ്ഷനുകൾ ക്ഷണിക്കുന്നു.</u>

**(GO (Rt) No. 3094/2014/H&FWD dated: 19.09.2014)**

മേൽ സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ ഡന്റൽ കോളേജ്, അഞ്ചരക്കണ്ടി എന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജിലെ മൊത്തം ബി.ഡി.എസ് സീറ്റുകളുടെ 50% സീറ്റുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്താൻ ഉത്തരവായിട്ടുണ്ട്.

കൂടാതെ WP(C) No. 469 of 2014-ലും, അനുബന്ധ കേസുകളിലും ബഹു: സുപ്രീം കോടതി 18.09.2014 ന് പുറപ്പെടുവിച്ച വിധിയിൽ സംസ്ഥാനത്തെ ഏതാനും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളോട് (ശ്രീ ഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് ഫൗണ്ടേഷൻ, വെഞ്ഞാറമൂട്, തിരുവനന്തപുരം, കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ, മലബാർ മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ, കോഴിക്കോട്) തങ്ങൾ നടത്തുന്ന മെഡിക്കൽ കോളേജുകൾക്ക് പോരായ്മകളൊന്നും തന്നെയില്ല എന്ന സത്യപ്രസ്താവന ഉത്തരവ് വന്ന് പത്ത് ദിവസത്തിനകം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം സത്യപ്രസ്താവന പ്രസ്തുത കോളേജുകൾ നൽകുന്ന പക്ഷം അവിടത്തെ എം.ബി.ബി.എസ് സീറ്റുകളിലേയ്ക്ക് സംസ്ഥാനത്തെ മെഡിക്കൽ പ്രവേശനത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള അധികാരികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫീസ് നിരക്കിൽ പ്രവേശനം നടത്താമെന്നും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2014-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന ത്തിനായി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, എന്നാൽ സംസ്ഥാനത്തെ സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും, സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിലും ഇതിനോടകം പ്രവേശനം ലഭിച്ചിട്ടുള്ളവർ ഒഴികെയുള്ളതുമായ വിദ്യാർത്ഥികൾക്ക് മേൽപറഞ്ഞ മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്ക് **2014 സെപ്റ്റംബർ 25, 26 തീയതികളിൽ** <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. **2014 സെപ്റ്റംബർ 26 വൈകുന്നേരം 5 മണി** യ്ക്കുള്ളിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പ്രസ്തുത കോളേജുകളി ലേയ്ക്ക് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. സർക്കാർ ഡന്റൽ കോളേജുകളിൽ ഒഴിവുകൾ ഉണ്ടാകുന്ന പക്ഷം അവ ഈ അലോട്ട്മെന്റിലൂടെ നികത്തുന്നതാണ്. അതിനാൽ സർക്കാർ ഡന്റൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിൽ അലോട്ട്മെന്റ് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. **<u>നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.</u>** അലോട്ട്മെന്റ് തീയതി പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും (OFC) ഹെൽപ്പ് ഡസ്കുകളും (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് www.cee-kerala.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

### പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ

| ക്രമ.നം. | കോളേജ് കോഡ് | കോളേജ് |
|---|---|---|
| 1 | **GMC** | Sree Gokulam Medical College & Research Foundation, Venjaramoodu, Thiruvananthapuram |
| 2 | **KNC** | Kannur Medical College, Anjarakkandi, Kannur. |
| 3 | **MMH** | Malabar Medical College & Research Centre, Modakkallur, Kozhikkode |

### പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ്

| ക്രമ.നം. | കോളേജ് കോഡ് | കോളേജ് |
|---|---|---|
| 1 | **KAD** | Kannur Dental College, Anjarakkandi, Kannur. |

**ഫീസ് നിരക്ക്:**

<table>
<tr><td colspan="4">എം.ബി.ബി.എസ്</td></tr>
<tr><td colspan="3">ശ്രീ ഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് ഫൗണ്ടേഷൻ, വെഞ്ഞാറമൂട്, തിരുവനന്തപുരം,<br>കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ,<br>മലബാർ മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ, കോഴിക്കോട്</td><td>25,000/-<br>(ബഹു. സുപ്രീം കോടതി വിധി യിലെ ഉപാധികൾക്ക് വിധേയം.)</td></tr>
<tr><td colspan="4">ബി.ഡി.എസ്</td></tr>
<tr><td rowspan="2">കണ്ണൂർ ഡന്റൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ.</td><td colspan="3">50% ഗവൺമെന്റ് സീറ്റ്</td></tr>
<tr><td>ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ<br>(14% സീറ്റ്)<br>* 23,000/- രൂപ</td><td>എസ്.ഇ.ബി.സി<br>(26% സീറ്റ്)<br>* 44,000/- രൂപ</td><td>മറ്റുവള്ളവർ<br>1,60,000/– രൂപ</td></tr>
</table>

*കുറഞ്ഞ ഫീസ് ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെരിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1000 രൂപ (ആയിരം രൂപ)** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ഗവൺമെന്റും സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ് മാനേജ്മെന്റും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:– പ്രസ്തുത അലോട്ട്മെന്റ് മേൽപ്പറഞ്ഞ മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ഇത്തരം കോളേജുകളിലേയ്ക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം 10 ലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee-kerala.org എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471 2339101, 2339102, 2339103, 2339104 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
24.09.2014